പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3130 28.01.2014 -ൽ മറുപടിക്ക്

## റോഡ് വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റോഡ് വികസനത്തിനായി എം.എൽ.എ.മാർ മുഖേന പ്രൊപ്പോസൽ കൊടുക്കുവാൻ തീരുമാനിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>ബി) പ്രസ്തുത പദ്ധതി പ്രകാരം റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ & ബി )<br>ദേശീയപാതയുടെ വികസനവും പരിപാലനവും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് നടപ്പിലാക്കുന്നത്. എന്നാൽ സി.ആർ.എഫ്. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ അയക്കുമ്പോൾ എം. എൽ.എമാരുടെ പ്രൊപ്പോസലുകളും പരിഗണിക്കാറുണ്ട്. ഇവ കൂടാതെ പാലക്കാട് ജില്ലയിലെ കുന്തിപ്പുഴ പാലത്തിന്റെയും കോഴിക്കോട് ജില്ലയിൽ എൻ എച്ച് 212 ലെ കാരന്തൂർ, കുന്ദമംഗലം ജംഗ്ഷനുകളുടെയും ഇംപ്രൂവ്മെന്റ് പ്രവൃത്തിയുടെയും കൊല്ലം ജില്ലയിലെ ചവറ പാലത്തിനു സമാന്തരമായി നിർമ്മിക്കുന്ന നടപ്പാതയുടെയും പണികൾ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കി വരുന്നത്. എം.എൽ.എ മാർ അവരുടെ ആസ്തി വികസന ഫണ്ട് വഴി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവയ്ക്ക് അനുമതി നൽകുകയും ചെയ്യുന്നുണ്ട്. എം.എൽ.എ മാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതികൾ പരിശോധിക്കുകയും അതിന്റെ ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ